# ജി. എൽ. പി. എസ് നടുവട്ടം.
## അക്കാദമിക മാസ്റ്റർ പ്ലാൻ – 2025-26.

ആമുഖം:

കേരളത്തിലെ പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ 2017-18 മുതൽ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിരവധി മാറ്റങ്ങൾ വിദ്യാഭ്യാസ രംഗത്ത് പ്രകടമാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, വിദ്യാകിരണം തുടങ്ങിയ പദ്ധതികളിലൂടെ പൊതുവിദ്യാഭ്യാസം ഏറെ മുന്നോട്ട് പോയിട്ടുണ്ട്. ഈ കാലയളവിൽ വിദ്യാലയത്തിന്റെ സമഗ്ര പുരോഗതിയിലേക്ക് നയിക്കുന്നതിനായി അക്കാദമിക മാസ്റ്റർ പ്ലാൻ രൂപകല്പന ചെയ്തു. പിന്നീട് വരും വർഷങ്ങളിൽ മാസ്റ്റർ പ്ലാൻ വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ ഗുണത വർദ്ധിപ്പിക്കുന്നതിനായി സമഗ്ര ഗുണമേന്മാ പദ്ധതി ആവിഷ്കരിക്കുകയും സ്കൂൾതലത്തിൽ മാത്രമല്ല ക്ലാസ്‌തലത്തിലും വിഷയാടിസ്ഥാനത്തിലും മാസ്റ്റർപ്ലാൻ വികസിപ്പിച്ചു. സമഗ്രഗുണമേന്മാവർഷമായ ഈ അധ്യയന വർഷത്തിൽ കുട്ടികളുടെ വ്യക്തിഗത മാസ്റ്റർ പ്ലാൻ വരെ തയ്യാറാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

2025-26 സമഗ്ര ഗുണമേന്മാവർഷമാണ്. 1 മുതൽ 10 വരെയുള്ള മുഴുവൻ പാഠപുസ്തകങ്ങളും പരിഷ്കരിച്ചു. മൂല്യനിർണ്ണയപ്രക്രിയയിലും മാറ്റങ്ങൾ വന്നിട്ടുണ്ട്. കുട്ടികളിൽ വികസിക്കേണ്ട ധാരണകളും മൂല്യങ്ങളും പഠനപ്രവർത്തനങ്ങളിൽ ഉൾച്ചേർന്ന് വരികയും ഇത് അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ഭാഗമാവുകയും വേണം. പൊതുവിദ്യാഭ്യാസവകുപ്പ് നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങളും ജില്ലയുടെ തനതുപ്രവർത്തനങ്ങളും അക്കാദമിക മാസ്റ്റർപ്ലാനിൽ ഉണ്ടാവണം. ഓരോ വിദ്യാലയത്തിന്റെയും അക്കാദമിക ആവശ്യങ്ങൾ മുൻനിർത്തി തനതും നൂതനവുമായ പദ്ധതികളാണ് തയ്യാറാക്കേണ്ടത്.

ഉദാ:- പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾക്കുള്ള പ്രത്യേക പദ്ധതി.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശം എന്നതാണ് നമ്മുടെ നിലപാട്. ഇത് അക്കാദമിക മികവിലൂടെയാണ്

നേടേണ്ടത്. അക്കാദമികമായി കുറച്ചുകൂടി മുന്നേറാൻ നമുക്കാവണം. അതിന്റെ ഭാഗമായാണ് ഈ വർഷം സമഗ്ര ഗുണമേന്മാവർഷമായി പരിഗണിച്ചിട്ടുള്ളത്. ഓരോ കുട്ടിയും ഓരോ ക്ലാസ്സിൽ നേടേണ്ടതെന്ന് പാഠ്യപദ്ധതി വിഭാവനം ചെയ്ത പഠനലക്ഷ്യങ്ങൾ ആർജിച്ചുവേണം മുന്നോട്ട് പോകാൻ. കുട്ടിയുടെ സമഗ്രവികാസമെന്നാൽ ശാരീരിക, ബൗദ്ധിക, മാനസിക, വൈകാരിക സാമൂഹിക തലങ്ങളെ വികാസമാണ്. അറിവെന്നാൽ പാഠപുസ്തകത്തിൽനിന്നു മാത്രം ലഭിക്കുന്നതല്ല. ക്ലാസ്മുറിയിൽനിന്ന് നടക്കുന്ന പഠനം കുട്ടിയുടെ ചിന്താമണ്ഡലത്തിൽ വിവേകത്തിന്റെയും ചിന്തയുടെയും സ്ഫുരണങ്ങൾ സൃഷ്ടിക്കണം. ജീവിതം ശരിയായി കെട്ടിപ്പടുക്കാൻ വിവേകവും, വിവേചനബുദ്ധിയും, സഹജീവിസ്നേഹവും വിമർശനബുദ്ധിയും എല്ലാം വേണം. മാനവികതയുടെയും, സ്നേഹത്തിന്റെയും, മതനിരപേക്ഷതയുടെയും ജനാധിപത്യത്തിന്റെയും പ്രകാശ കുട്ടികളിൽ ഉണ്ടാക്കാൻ പഠനത്തിന് കഴിയണം.

പഠനമെന്നാൽ പരീക്ഷയെ മാത്രം ലക്ഷ്യമിടേണ്ട ഒന്നല്ല. ഒരു കുട്ടി സമൂഹത്തിൽ എങ്ങനെ ജീവിക്കണം, എങ്ങനെ പെരുമാറണം എന്നതിന്റെ പരിശീലനക്കളരിയാണ് വിദ്യാലയം. നമ്മൾ അമാനിക്കുന്ന ഭരണഘടനാമൂല്യങ്ങളായ ജനാധിപത്യം, മതനിരപേക്ഷതയും, അഭിപ്രായസ്വാതന്ത്ര്യം തുടങ്ങിയ മൂല്യങ്ങൾ വികസിക്കുന്നത് വിദ്യാലയങ്ങളിലാണ്. പകർച്ചവ്യാധികൾ, പ്രകൃതിദുരന്തങ്ങൾ, ലഹരി, തുടങ്ങിയവ സമകാലീന ദുരന്തങ്ങളാണ്. ഇവക്കെതിരെ നടത്തുന്ന പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ കുട്ടികൾ പരിശീലിക്കണം. ആരോഗ്യം, വ്യായാമം, കായികക്ഷമത, നല്ല ആഹാരശീലം എന്നിവയും പഠനത്തിന്റെ ഭാഗമാകണം.

മൂല്യനിർണ്ണയപ്രവർത്തനങ്ങളിലും കാലികമായ മാറ്റം അനിവാര്യമാണ്. കാണാപാഠം പഠിച്ച് കിട്ടുന്ന വിജയത്തെക്കാൾ പ്രായോഗികജ്ഞാനത്തിൽ നിന്ന് ലഭിക്കുന്ന അറിവും പ്രയോഗക്ഷമതയുമാണ് വിലയിരുത്തപ്പെടേണ്ടത്.

ഇത്തരത്തിൽ വിദ്യാഭ്യാസത്തെ സമഗ്രമായി കാണുന്ന ഒരു മാർഗരേഖയായി അക്കാദമിക മാസ്റ്റർപ്ലാൻ വികസിക്കണം. അതിൽ വിദ്യാലയത്തിന്റെ സാമൂഹ്യപശ്ചാത്തലവും പിന്തുണാസംവിധാനങ്ങളും പരിഗണനാവിഷയമാവണം.

# ചരിത്രവും സാമൂഹ്യപശ്ചാത്തലവും.

കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ നടുവട്ടം വില്ലേജിൽ നാഗപറമ്പ് പ്രദേശത്ത് സ്ഥിതിചെയ്യുന്ന നടുവട്ടം ഗവ. എൽ.പി. സ്കൂൾ നാടിന്റെ സാമൂഹ്യ- സാംസ്കാരികരംഗത്ത് ഒൻപതു പതിറ്റാണ്ടായി നേതൃത്വം വഹിച്ചുകൊണ്ട് നിലനില്ക്കുന്നു. ഇപ്പോഴും കുറ്റിപ്പുറം പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന സർക്കാർ പ്രൈമറിസ്കൂളാണ് ഇത്.

ശ്രീ അയിനിക്കാട്ട് അച്യുതൻനായർ മാസ്റ്ററുടെയും പഴയ അധ്യാപകനും നാട്ടുകാരണവരുമായ ശ്രീ കാഞ്ഞി-തി അയ്യപ്പൻഎഴുത്തച്ഛൻ മാസ്റ്ററുടെയും ശ്രമഫലമായി 1928ൽ കൊളക്കഞ്ചേരി പിച്ചത്തെ പറമ്പിൽ കുടിപ്പള്ളിക്കൂടമായി സ്കൂൾ സ്ഥാപിക്കപ്പെട്ടത്. തുടർന്ന് മനവക സ്ഥലമായ വിളക്കത്തില പറമ്പിലേക്ക് മാറുകയും 1930-ൽ മലബാർ ഡിസ്ട്രിക്ട് ബോർഡിന് കൈമാറുകയും ബോർഡ് ബോയ്സ് - എലിമെന്ററിസ്കൂൾ എന്ന പേരിൽ പ്രവർത്തിക്കുകയും ചെയ്തു. അന്ന് 5-ാം തരം വരെ ഉണ്ടായിരുന്നു. അന്ന് മുതൽ ദീർഘകാലം സ്കൂൾ പ്രവർത്തിച്ചത് കൈരളി വായനശാലയുടെ പിന്നിലെ കെട്ടിടത്തിലായിരുന്നു. തൃക്കുളങ്ങര ക്ഷേത്ര സ്വത്തായ സ്ഥലത്ത് പഴുർമനക്കാരാണ് ഈ വിദ്യാലയം നിർമ്മിച്ചത്. വാടകക്കെട്ടിടമായിരുന്നു. കേരളത്തിലെ ആദ്യത്തെ വിദ്യാഭ്യാസമന്ത്രിയായ പ്രൊഫ. ജോസഫ് മുണ്ടശ്ശേരി കേരളവിദ്യാഭ്യാസം ഏകീകരിച്ചതോടെ ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂൾ എന്നായി.

ഈ വാടകക്കെട്ടിടം ജീർണ്ണാവസ്ഥയിലായപ്പോൾ സാമൂഹ്യപ്രവർത്തകനായ ശ്രീ. പി. വി. ശ്രീധരപ്പണിക്കർ ഇടപെട്ട് നടുവട്ടം ഗ്രാമീണ മൺപാത്ര വ്യവസായ സഹകരണസംഘത്തിന്റെ മൺപാത്രം സൂക്ഷിക്കുകയും ജോലിക്കാർക്കായി [illegible]ക്കാൻ ഉപയോഗിക്കുകയും ചെയ്ത ഷെഡ്ഡിലേക്ക് സ്കൂൾ മാറ്റാൻ തീരുമാനിച്ചു. 1972 മുതൽ ഇപ്പോഴുള്ള സ്ഥലത്ത് പ്രവർത്തിക്കുകയും 1978ൽ 50-ാം വാർഷികം ആഘോഷിക്കുകയും ചെയ്തു.

ഇന്ന് സ്കൂൾ 98 വർഷം പൂർത്തിയാക്കിയിരിക്കുകയാണ്.
ഒന്നുമുതൽ 4 വരെ ക്ലാസുകളിലായി 231 കുട്ടികൾ, പതിനൊന്ന്
സ്ഥിരം അധ്യാപകർ 2 ദിവസവേതനക്കാർ അടക്കം 13 അ
ധ്യാപകർ, പ്രീ-പ്രൈമറിയിൽ 85 കുട്ടികൾ 3 അധ്യാപകർ,
ഒരു ആയ എന്നിവരും പ്രവർത്തിക്കുന്നു.

ഈ പ്രദേശത്തെ സാധാരണക്കാരു
ടെ മക്കൾ പഠിക്കുന്ന ഈ പൊതുവിദ്യാലയം ഇപ്പോഴും
പരാധീനതകൾക്ക് നടുവിലാണ്. ഒരുതരത്തിലുള്ള
സർക്കാർ ഫണ്ടും ലഭിക്കാത്ത ഹെറിട്ടേജ് ബിൽഡിംഗ് സൗകര്യ
ങ്ങളും ലഭിക്കാതെയാണ് നിലനിൽക്കുന്നത്. സ്കൂൾ പഠന-
പാഠ്യേതരപ്രവർത്തനങ്ങളിൽ മികവു പുലർത്തുന്ന ഈ വിദ്യാ
ലയത്തിനു നേരെയുള്ള അധികാരികളുടെ നിലപാടുകളിൽ
മാറ്റം വരുമെന്ന് പ്രത്യാശിക്കാം.

സാമൂഹ്യമാറ്റം സൃഷ്ടിക്കുന്ന സമൂഹത്തിന്.
തണലായി വർത്തിക്കുന്ന മതനിരപേക്ഷതയും ജനാധിപത്യമൂല്യ
ങ്ങളും പാലിക്കുന്ന വ്യത്യസ്തമായ വിദ്യാലയമായി ഉയരുക - വികസിക്കുക.

# മൂല്യനിർണ്ണയരീതി കാര്യക്ഷമമാക്കൽ & പരിഷ്കരണം.

→ ലക്ഷ്യം :- അടിസ്ഥാന സാക്ഷരതയും, അക്കഗണിത കഴിവുകളും വിലയിരുത്താൻ കൂടുതൽ ഉതകുന്ന രീതികൾ ആവിഷ്കരിക്കുക.

→ ക്ലാസ് അടിസ്ഥാനമാക്കി ഓരോ കുട്ടിയുടെയും വളർച്ച നിരീക്ഷിക്കാവുന്ന രീതികൾ വികസിപ്പിക്കുക.

→ Summative മാത്രമല്ല, Formative മൂല്യനിർണ്ണയവും സ്ഥിരമായ അധ്യാപക അവലോകനവുമായി നയിക്കുക.

→ ഭാഷാകഴിവ്, ചിന്താശേഷി, കലാപരമായ കഴിവുകൾ, സാമൂഹികമായ പെരുമാറ്റം എല്ലാം ഒത്തുചേർന്ന കുട്ടിയുടെ സമഗ്ര വിദ്യാഭ്യാസ പുരോഗതി വരച്ചു കാണിക്കുന്നതും, നിരീക്ഷണപരമായ സഹായം നൽകുക

നിലവിലെ അവസ്ഥ :- ആശയവിനിമയം, സാമൂഹിക വൈകാരിക നൈപുണ്യങ്ങൾ വിലയിരുത്തപ്പെടാറില്ല. വിശകലനാത്മകവും, ഫലപ്രദവുമായ ഫീഡ്ബാക്ക് കുറവാണ്.

പ്രധാന പ്രവർത്തനങ്ങൾ

| | പ്രവർത്തനം | സമയക്രമം | ലക്ഷ്യം/ഫലം |
|---|---|---|---|
| 1. | ഓരോ ക്ലാസിനും വ്യക്തമായ Learning Outcome Register തയ്യാറാക്കൽ | ജൂൺ ആദ്യവാരം | FA നിരീക്ഷണത്തിനുള്ള അടിസ്ഥാന രേഖ |
| 2 | Formative Assessment Worksheets, Activities, Anecdotal Notes Oral Q&A | മാസത്തിൽ 2 പ്രാവശ്യം | കുട്ടികളുടെ സ്ഥിരമായ പുരോഗതി നിരീക്ഷിക്കാൻ. |

| | | | |
|---|---|---|---|
| 3 | Summative Assessment<br>സംഗ്രഹാത്മക വിലയിരുത്തൽ<br>ടേം പരീക്ഷകൾ | സെപ്റ്റംബർ<br>ഡിസംബർ<br>മാർച്ച് | ഗ്രേഡ് വൈസ് വിജ്ഞാന പരിശോധന |
| 4. | Portfolio Assessment<br>ഓരോ കുട്ടിയുടെ പ്രവർത്തനങ്ങൾ സംഗ്രഹമായി ശേഖരിക്കൽ | തുടർ-ച്ചയായി | വ്യക്തിഗത പുരോഗതി വിലയിരുത്താൻ |
| 5 | വായന, എഴുത്ത് എണ്ണം തിരിച്ചറിയൽ | മാസം തോറും | അടിസ്ഥാന ശേഷികൾക്ക് കൃത്യമായ നിരീക്ഷണം |
| 7 | Parent Feedback & sharing | ഓരോ മാസവും | രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കാൻ |
| 8 | Monthly Assessment, Review | മാസം തോറും | പരീക്ഷാനിലവാരം വിലയിരുത്താനും തിരുത്തലുകൾ ആവിഷ്കരിക്കാനും. |
| 9. | ശേഷിയന്വേഷണ പരീക്ഷകൾ<br>Diagnostic Assessment | ജൂൺ<br>ഒക്ടോബർ | പിന്നോക്ക വിദ്യാർത്ഥികളെ തിരിച്ചറിയാൻ |
| 10 | പിന്നോക്കക്കാർക്കുള്ള പിന്തുണാ പദ്ധതി<br>(Bridge plan for Low Scorers) | ഡിസംബർ മുതൽ മാർച്ച് | മെച്ചപ്പെടുത്താൻ വേണ്ട നടപടികൾ |

പരിഷ്കരണ പദ്ധതികൾ :-

-> Written, picture based, Game based, methods

-> വിദ്യാർത്ഥിയുടെ ഭാഷാശേഷിയും, വ്യത്യസ്തരീതിയിലുള്ള കഴിവുകളും കണക്കിലെടുക്കുന്ന രീതികൾ

-> Digital Evaluation Tools: Google forms (For teachers) Mobile-based progress tracking (optional)

-> അധ്യാപകർക്ക് FA-SA-Rubric based ഏകദിനയിലായ പരിശീലനം.

-> വിദ്യാർത്ഥികൾക്ക് തങ്ങളുടേത് തന്നെ വിലയിരുത്താൻ ലളിതമായ കാർഡുകൾ ഉപയോഗിക്കുക.

കൂടുതൽ നിർദ്ദേശങ്ങൾ :-

-> Assessment File - ഓരോ അധ്യാപകനും FA/SA റെക്കോർഡുകൾ സൂക്ഷിക്കേണ്ടതാണ്.

-> Reflection Note - FA പ്രവർത്തനങ്ങൾക്ക് ശേഷം അധ്യാപകന്റെ ചിന്തകൾ കുറിക്കാൻ

-> Portfolio Review Days - മാസത്തിൽ ഒരു ദിവസം കുട്ടികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ

-> കുട്ടികളുടെ ശൈലി, താൽപര്യം എന്നിവ മനസ്സിലാക്കി അതിനനുസരിച്ച് പഠനവും മൂല്യനിർണ്ണയവും രൂപപ്പെടുത്തുക.

# പ്രവൃത്തി പരിചയം

## പ്രവർത്തനം 1 : പ്രവൃത്തിപരിചയ ശിൽപശാല

ഉപമേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പ്രവൃത്തിപരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ, നിർമ്മാണം ചന്ദനത്തിരി, പാവ ചോക്ക് | സെപ്റ്റംബർ | ക്ലാസ് ടീച്ചർ | 1000 |

## പ്രവർത്തനം 2 : പേപ്പർ ബാഗ് നിർമ്മാണം

ഉപമേഖല : പ്ലാസ്റ്റിക് രഹിത ക്യാമ്പസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിർമ്മാണാത്മക കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക | പേപ്പർ ബാഗ് നിർമ്മാണ പരിശീലനം വിദ്യാലയത്തിൽ അരങ്ങിക്കുക | ജൂൺ മാർച്ച് | SSG | 1000 |

## പ്രവർത്തനം 3 ഒറിഗാമി

ഉപമേഖല കരകൗശല പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇതരവിഷയവുമായി പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ കുട്ടികൾക്ക് പരിശീലനം നൽകൽ | ജൂൺ- മാർച്ച് | SSG ക്ലാസ് ടീച്ചർ | 1000 |

* അധ്യാപക പരിശീലന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ

- എല്ലാ ആഴ്ചകളിലും SRG യോഗം ചേരുകയും പഠന പ്രവർത്തനങ്ങളിലെ പുരോഗതികളെ കുറിച്ച് ചർച്ചയും മികവുകൾ ആസൂത്രണം നടത്തുകയും ചെയ്യുന്നു.
- ക്ലാസ്തല SRG യോഗം ചേർന്ന് പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
- അധ്യാപകർക്ക് English communication skill മെച്ചപ്പെടുത്തുന്നതിനായി മികച്ച പരിശീലകരെ കണ്ടെത്തി പരിശീലന class സംഘടിപ്പിക്കുന്നു.
- നിർമ്മാണ ശില്പശാല :- വിവിധ വിഷയവുമായി ബന്ധപ്പെട്ട് teaching meterials നിർമ്മാണ പരിശീലനങ്ങൾ സംഘടിപ്പിക്കുന്നു.
- അധ്യാപകർ അവരുടെ കഴിവുകൾ ഉപയോഗപ്പെടുത്തി ഇടവേളകളിൽ നിർമ്മാണ ശില്പശാലയ്ക്ക് നേതൃത്വം നൽകുന്നു.
- ICT സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനായി digital classകൾ സംഘടിപ്പിക്കൽ.
- IT അധ്യാപകന്റെ കീഴിൽ സംശയനിവാരണത്തിനായി ഇടവേളകളിലോ / മാസത്തിലൊ ചർച്ചകൾ സംഘടിപ്പിക്കുന്നു.
- ഭാഷാ ബോധനത്തിനായി ലളിതവും രസകരവുമായ പാട്ടുകളുടെ രചനകൾ നടത്തുന്നു. ഇതിനുവേണ്ടി വരികൾ കൂട്ടിച്ചേർക്കൽ പ്രവർത്തനം ആസൂത്രണം ചെയ്യുന്നു.

# ആരോഗ്യ – കായിക – വിദ്യാഭ്യാസം.

പ്രവർത്തനം : 1 പേര് : കായികാരോഗ്യം.
ഉപമേഖല : എയറോബിക്സ് എക്സർസൈസ്, സൂമ്പ എക്സർസൈസ്.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| *കുട്ടികളുടെ ആരോഗ്യകരവും മാനസികവുമായ ഉന്മേഷം.<br>*കുട്ടികളെ ഉണർവുള്ളവരാക്കുക. | * എയറോബിക് സൂമ്പ, ഡേയ്സ് (തിങ്കൾ, വ്യാഴം) | ജൂൺ മാർച്ച്. | SRG<br>H.M | 2000 |

പ്രവർത്തനം : 2 പേര് : കായികാരോഗ്യം.
ഉപമേഖല : ഫുട്ബോൾ കോച്ചിങ്.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം. | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * കുട്ടികളെ മനസ്സിന്റെ ശക്തി ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.<br>* കായിക ക്ഷമത കൂട്ടുക. | ഫുട്ബോൾ കോച്ചിങ് ക്യാമ്പ്, സ്കിപ്പിംഗ് പരിശീലനം.<br>അത്‌ലറ്റിക് പരിശീലനം | ജൂൺ മാർച്ച്. | HM<br>PTA<br>SRG | 10,000 |

പ്രവർത്തനം : 3 പേര് : ഹെൽത്ത് ചെക്ക് അപ്പ്, ബോധവത്ക്കരണക്ലാസ്സ്.
ഉപമേഖല : ആരോഗ്യം.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * എല്ലാകുട്ടികളുടെയും. ആരോഗ്യ സംരക്ഷണം.<br>* പകർച്ച വ്യാധികളിൽ നിന്നും സംരക്ഷണം നേടാനുളള അറിവ് നൽകൽ.<br>* പോഷക ആഹാരം. | * എല്ലാകുട്ടികൾക്കും. ആരോഗ്യ ക്ഷമത ഉറപ്പു വരുത്താനായി ഹെൽത്ത് ചെക്ക് അപ്പ്<br>* പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്ന് സിസ്റ്ററുടെ ക്ലാസ്. | ജൂൺ - സെപ്റ്റംബർ | PTA | 2500 |

പ്രവർത്തനം : 4 പേര് : കായിക വിദ്യാഭ്യാസം — അധ്യാപക ശില്പശാല
ഉപമേഖല : അധ്യാപക ശാക്തീകരണം.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാകുട്ടി-കൾക്കും അവസര | പി. ടി പീരിഡിൽ ഹിസിക്കൽ എക്സൈസ്, ഗെയിംസ്, എന്നിവ നൽകുന്നതിന്, ക്ലാസ് ടീച്ചർക്ക് പരിശീലനം. | ജൂൺ- മാർച്ച് | SRG | 1,000 |